ആർ.ആർ.3/24625/11 രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസ്

തിരുവനന്തപുരം, തീയതി 18-11-2011.

# സർക്കുലർ

വിഷയം: സബ് രജിസ്ട്രാരാഫീസുകളിൽ സൂചകപത്രങ്ങൾ കൃത്യമായി തയ്യാറാക്കുന്നതും ബാദ്ധ്യതാ സർട്ടിഫിക്കറ്റുകളിൽ ആധാര സ്വഭാവം വ്യക്തമാക്കുന്നതും- സംബന്ധിച്ച്.

സൂചന: സർക്കാരിന്റെ 16-11-11-ലെ 24317/ഇ2/11/നി.വ. നമ്പർ കത്ത്.

സബ് രജിസ്ട്രാരാഫീസുകളിൽ നിന്നും കമ്പ്യൂട്ടർ മുഖേന ബാദ്ധ്യതാ സർട്ടിഫിക്കറ്റ് തയ്യാറാക്കുമ്പോൾ 1959-ലെ കേരളാ മുദ്രപത്രനിയമം പട്ടികയിലെ കരണങ്ങളുടെ വിവരണങ്ങൾക്ക് അനുസരണമായിട്ടുള്ള ആധാരസ്വഭാവം മാത്രമേ പേൾ സോഫ്റ്റ്വെയറിലെ കോഡ് അനുസരിച്ച് രേഖപ്പെടുത്തി വരികയുള്ളു എന്നതിനാൽ ഖനന പാട്ടച്ചാർത്ത് പോലെയുള്ള ചില ആധാരങ്ങളുടെ സ്വഭാവം പൂർണ്ണമായും വ്യക്തമാക്കപ്പെടുന്നില്ല എന്നും ഇത് ആശയക്കുഴപ്പങ്ങൾക്കും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു എന്നും ശ്രദ്ധയിൽപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പരിഹാരമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

രജിസ്ട്രേഷനുവേണ്ടി പേൾ സോഫ്റ്റ്വെയറിൽ ആധാരവിവരങ്ങൾ ചേർക്കുമ്പോൾ രജിസ്ട്രേഷൻ ചട്ടം 145,146 രജിസ്ട്രേഷൻ മാന്വൽ ഓർഡർ 168 ഇവയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ബാദ്ധ്യതാ സർട്ടിഫിക്കറ്റിൽ ആവശ്യമായ എല്ലാ വിവരങ്ങളും കൃത്യമായി പ്രതിഫലിക്കത്തക്കവിധം വസ്തു വിവരണം കഴിയുന്നിടത്തോളം പൂർണ്ണമായി ചേർക്കുകയും വസ്തു വിവരണ കോളത്തിൽ മറ്റു വിവരങ്ങൾക്കൊപ്പം പ്രത്യേക സ്വഭാവമുള്ള ആധാരങ്ങൾക്ക് ഉദാ:Mining Lease (ഖനന പാട്ടച്ചാർത്ത്) ടി പ്രത്യേക സ്വഭാവം കൂടി വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ സബ് രജിസ്ട്രാർമാർ കർശ്ശനമായി പാലിക്കേണ്ടതാണ്. ഇക്കാര്യം ജില്ലാ രജിസ്ട്രാർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും സർക്കുലറിന്റെ കൈപ്പറ്റുവിവരം മടക്കത്തപാലിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

www.eaadharam.in